**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2432** **30-09-2025 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉല്പാദനം, വിൽപ്പന, ഉപയോഗം, നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ അപകടകരമായ പ്ലാസ്റ്റിക് ക്യാരിബാഗുകളും മറ്റ് ഏകോപയോഗ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഇപ്പോഴും നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ടോ; സർക്കാരിന്റെ കർശനമായ നിരോധന നടപടികൾ ഉണ്ടായിരിക്കെ, ഇവയുടെ ഉല്പാദനം, വിൽപ്പന, ഉപയോഗം എന്നിവ തുടർന്നുകൊണ്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016- ന്റെ അടിസ്ഥാനത്തിൽ, 17-12-2019-ലെ GO(Ms.) 7/2019/ENVT പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ പൂർണ്ണമായും സർക്കാർ നിരോധിച്ചിട്ടുണ്ട്. എന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും സിംഗിൾ യൂസ് പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ അനധികൃതമായി എത്തിച്ച് വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ട്. നിരോധിക്കപ്പെട്ട ഇത്തരം പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ സ്റ്റോക്ക് ചെയ്യുന്നതും വിൽപ്പന നടത്തുന്നതിനുമെതിരെ പരിശോധനകൾ നടത്തുന്നതിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ (തദ്ദേശ സ്ഥാപനതല വിജിലൻസ് സ്ക്വാഡ്, ഐ വി ഒ സ്ക്വാഡ്, ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ്) നിയോഗിച്ചിട്ടുള്ളതും ഫൈൻ, പ്രോസിക്യൂഷൻ എന്നിവ ഉൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br><br>നിരോധിത സിംഗിൾ യൂസ് പ്ലാസ്റ്റിക്കിനെതിരെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പരാതി നൽകുന്നതിനായി സിംഗിൾ വാട്ട്സ്ആപ്പ് നമ്പർ (9446700800) സംവിധാനവും ആയത് നിരീക്ഷിക്കുന്നതിനായി LSGD പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഹരിതകേരളമിഷന്റെ കീഴിൽ ഹരിതകർമ്മസേനാംഗങ്ങളെ ഉപയോഗിച്ച് വീടുകളിൽ നിന്ന് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും, വീടുതോറും ₹50 വീതം ഉപഭോക്തൃഫീസ് ഈടാക്കുകയും ചെയ്യുന്നതോടൊപ്പം ഇത്തരം അപകടകരമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ | (ബി) | പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ 17-12-2019-ലെ GO(Ms.)No. 7/2019/ENVT പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ പൂർണ്ണമായും സർക്കാർ നിരോധിച്ചിട്ടുണ്ട്. എന്നാൽ വിവിധതരം ഉൽപ്പന്നങ്ങൾക്ക് പാക്കേജിങ്ങിനായി പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നു. ആയത് ഹരിതകർമ്മസേന |

| | | | |
|---|---|---|---|
| | ഉല്പാദനത്തിനും വിൽപ്പനയ്ക്കും അനുമതി നൽകുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | | ശേഖരിച്ച് MCF/RRF-ലേക്ക് എത്തിച്ച് വേർതിരിക്കുന്നു. റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക്ക്, റിസൈക്ളിങ് കമ്പനികൾക്ക് നൽകുന്നു. അല്ലാത്തവ സിമെന്റ് ഫാക്ടറികളിലേക്ക് ഇന്ധനമായി ഉപയോഗിക്കുന്നതിന് ക്ലീൻ കേരള കമ്പനി/അംഗീകൃത ഏജൻസി മുഖേന നൽകുന്നു. |
| (സി) | ഇപ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ റോഡ് നിർമ്മാണത്തിനായി ബിറ്റുമിനുമായി കലർത്തി ഉപയോഗിക്കുന്നുണ്ടോ; ബിറ്റുമിനുമായി കലർത്തുന്ന വേളയിൽ പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുക വായുവിലേക്ക് പുറപ്പെടുവിക്കുന്നുണ്ടെന്നും അതുവഴി വായു മലിനീകരണവും പൊതുജനാരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഷ്രഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് National Ministry of റൂറൽ Development, GoI യുടെ കീഴിലുള്ള Rural Roads Development Agency, Guidelines for the use of Plastic Waste in Rural Roads Construction പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ഗ്രാന്യൂൾ രൂപത്തിലോ, പൗഡർ രൂപത്തിലോ വിപണിയിൽ ലഭ്യമാണ്. ഈ ഗ്രാന്യൂളുകൾ bitumen- നോടൊപ്പം ചൂട്കലർത്തിയാണ് സ്പെസിഫിക്കേഷൻ പ്രകാരം ബിറ്റുമിനസ് കോൺക്രീറ്റ് റോഡ് ഉപരിതല നവീകരണത്തിന് ഉപയോഗിച്ച വരുന്നത്. സർക്കാർ നയപ്രകാരവും നിലവിലുള്ള നിർദ്ദേശ പ്രകാരവുമാണ് ഇത്തരം സാങ്കേതികവിദ്യ റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചു വരുന്നത്.<br><br>ബിറ്റുമിനസ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി Hot Mixing Plant സാധാരണയായി പ്രവർ ത്തി നിർവ്വഹണ പ്രദേശത്തു നിന്നും വളരെ അകലെയായി ജനവാസം കുറഞ്ഞ മേഖലയിലാണ് സ്ഥാപിക്കാറുള്ളത്. Mixing Plant- ന്റെ പുകക്കുഴൽ മലിനീകരണ നിയന്ത്രണബോർഡ് നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള വ്യാസത്തിലും ഉയരത്തിലുമാണ് നിർമ്മിക്കുന്നത്. ആയതിനാൽ പ്ലാന്റിൽ ഉണ്ടാകുന്ന പുക മൂലമുള്ള വായു മലിനീകരണമോ, തദ്വാരാ പൊതുജനാരോഗ്യപ്രശ്നങ്ങളോ ഉണ്ടാകുന്നില്ല. |
| (ഡി) | അപകടകരമായ ഏകോപയോഗ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിൽപ്പന, ഉപയോഗം എന്നിവ പൂർണ്ണമായി അവസാനിപ്പിക്കാനുള്ള പദ്ധതികൾ എന്തെല്ലാം; ഇതിന് പകരം ലഭ്യമാക്കുന്ന പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | (ഡി) | നിരോധിത ഏകോപയോഗ പ്ലാസ്റ്റിക്കിനെതിരെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പരാതി നൽകുന്നതിനായി സിംഗിൾ വാട്സ്ആപ്പ് നമ്പർ (9446 700 800) സംവിധാനവുംആയത് നിരീക്ഷിക്കുന്നതിനായി LSGD പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. കേരളാ മുനിസിപ്പാലിറ്റി ആക്ട്, കേരളാ പഞ്ചായത്തു രാജ് ആക്ട് എന്നിവയുടെ 2024-ലെ അമെന്റ്മെന്റ് മുഖേന വലിയ തുക പിഴ ചുമത്താവുന്നതും പ്രോസിക്യൂഷൻ ഉൾപ്പടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നു. |

| | | | |
|---|---|---|---|
| | | | നിയമ ലംഘനം നടത്തുന്നവർക്കെതിരെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ വിജിലൻസ് സ്ക്വാഡ്, ഐ. വി.ഒ സ്ക്വാഡ് ജില്ലാ തലത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ പ്രവർത്തിക്കുന്നു. പ്രസ്തുത നിരോധനം നടപ്പാക്കുന്നതിന് ഹരിത പ്രോട്ടോക്കോൾ പാലിച്ചും ബദൽ ഉൽപ്പന്നങ്ങൾ (സെറാമിക്ക് / ഗ്ലാസ്, സ്റ്റീൽ പ്ളേറ്റുകൾ, കപ്പുകൾ, പൊതു സ്വകാര്യ ചടങ്ങുകളിൽ വാട്ടർ ഡിസ്പെൻസറുകൾ / കംപോസ്റ്റബിൾ ഉത്പന്നങ്ങൾ, പ്രകൃതി സൗഹൃദ വസ്തുക്കൾ/എന്നിവ ഉപയോഗിക്കാവുന്നതാണ്. ബദൽ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പേപ്പർ/ കളോത്ത് /ജ്യൂട്ട് ബാഗുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും ഹരിത പ്രോട്ടോക്കോൾ പാലിച്ച് കാറ്ററിങ് യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിനും കുടുംബശ്രീ മുഖേന സ്വയം സംരംഭക യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ